"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - വിരമിച്ച പ്രിവന്റീവ് ഓഫീസർ ശ്രീ. മാർക്കോസ് പി.എം., പ്രിവന്റീവ് ഓഫീസർ ശ്രീ. ശശികുമാർ കെ.ആർ. എന്നിവരുടെ സസ്പെൻഷൻ കാലയളവ് - ക്രമീകരിക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.184/2026/TAXES തീയതി, തിരുവനന്തപുരം, 16-02-2026**

---

പരാമർശം:-

1. ഇടുക്കി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 21.10.2011, 15.07.2013 തീയതികളിലെ ID1-4170/11 നമ്പർ നടപടിക്രമം
2. CC 241/2016 (VC 4/2011/IDK) നമ്പർ കേസിലെ മൂവാറ്റുപുഴ വിജിലൻസ് കോടതിയുടെ 19/07/2023-ലെ വിധി
3. ശ്രീ.മാർക്കോസ് പി.എം., ശ്രീ.ശശികുമാർ കെ.ആർ. എന്നിവർ സമർപ്പിച്ച അപേക്ഷകൾ
4. എക്സൈസ് കമ്മീഷണറുടെ 06.11.2023, 23.12.2024, 16.07.2025 തീയതികളിലെ EXC/4834/2023-XE5 നമ്പർ കത്തുകൾ
5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No.1851/2024-ന്മേലുള്ള 02/12/2024-ലെ ഉത്തരവ്

**<u>ഉത്തരവ്</u>**

പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ.മാർക്കോസ് പി.എം., ശശികുമാർ കെ.ആർ. എന്നിവർ ഉടുമ്പൻചോല എക്സൈസ് റേഞ്ച് ഓഫീസിൽ ജോലി ചെയ്തുവരവെ 21-10-2011-ന് അബ്കാരി കേസിലെ പ്രതിയായ മുരുകൻ എന്നയാളിൽനിന്ന് 4000/- രൂപ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അറസ്റ്റ് ചെയ്തതിനെ തുടർന്ന് ടിയാന്മാരെ ഇടുക്കി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പരാമർശം (1)-ലെ 21.10.2011-ലെ നടപടിക്രമപ്രകാരം സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്യുകയും തുടർന്ന് സർക്കാർ നിർദ്ദേശപ്രകാരം പരാമർശം (1)-ലെ 15.07.2013-ലെ നടപടിക്രമപ്രകാരം സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുള്ളതുമാണ്.

**2)** തുടർന്ന്, ടിയാളുകൾക്കെതിരെ രജിസ്റ്റർ ചെയ്ത **VC No.4/2011/IDK** കേസിൽ ബഹു. മൂവാറ്റുപുഴ വിജിലൻസ് കോടതിയുടെ പരാമർശം (2) വിധിന്യായ പ്രകാരം ടിയാന്മാരെ കുറ്റവിമുക്തരാക്കിയിരുന്നു. ടി സാഹചര്യത്തിൽ, സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് നിലവിൽ സർവീസിൽനിന്ന് വിരമിച്ച പ്രിവന്റീവ് ഓഫീസർ ശ്രീ. മാർക്കോസ് പി.എം., ഉടുമ്പൻചോല എക്സൈസ് സർക്കിൾ ഓഫീസിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. ശശികുമാർ കെ.ആർ. എന്നിവർ പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ എക്സൈസ് കമ്മീഷണർ പരാമർശം (4) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

**3)** പരാമർശം (2) വിധിന്യായത്തിനെതിരെ സർക്കാർ **CRL.A.633/2024** നമ്പർ ആയി അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ ശ്രീ.മാർക്കോസ് പി.എം. ഫയൽ ചെയ്ത **OA 1851/21024** നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) ഉത്തരവിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവായിരിക്കുന്നു;

"...The applicant submits that he joined service as Excise Guard on 30.08.1991 and he has 22 years 3 months and 2 days to his credit as service. But in the Pension Payment Order the service that is reckoned for service is shown as 20 years 6 months and 6 days. Applicant submits that he was under suspension from 21.10.2011 to 15.07.2013 as is evident from Annexure A1 and A3 and this is the reason for not reckoning the entire period of his service for pension. The applicant submits that he was placed under suspension due to his implication in a criminal case which ended up in his acquittal by the judgment of the Court of Enquiry Commissioner and Special Judge (Vigilance), Muvattupuzha dated 19.07.2023. The applicant had approached the 3rd respondent on 12.10.2023 requesting to regularize the period of

suspension as qualifying service for pension. Applicant submits that no response was received for the above representation. He has again approached the 2nd respondent by filing Annexure A9 and he approached the 3rd respondent by filing Annexure A10. In the light of the fact that the applicant was acquitted by Annexure A6 judgment as early as on 19.07.2023 the 2nd respondent is directed to consider and pass orders on Annexure A9 within a period of two months from the date of receipt of copy of this order.

The Original Application is disposed of with the above direction."

**4)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം **(2)** വിധിന്യായത്തിനെതിരേ ഫയൽ ചെയ്ത **CRL.A 633/2024** നമ്പർ അപ്പീൽ നിലനിൽക്കുന്നതിനാൽ ശ്രീ.മാർക്കോസ് **P.M.**, ശ്രീ. ശശികുമാർ **K.R.** എന്നിവരെ കുറ്റവിമുക്തരാക്കിയ നടപടി **Honourable Acquittal** ആയി ഇപ്പോൾ പരിഗണിക്കാൻ സാധിക്കാത്തതിനാൽ ടി അപ്പീലിന്റെ അന്തിമവിധിക്ക് വിധേയമായി ശ്രീ.മാർക്കോസ് **P.M.**, ശ്രീ. ശശികുമാർ **K.R.** എന്നിവരുടെ **21-10-2011** മുതൽ **14-07-2013** വരെയുള്ള സസ്പെൻഷൻ കാലയളവ് പുനഃക്രമീകരിക്കാവുന്നതാണെന്ന വ്യവസ്ഥയിൽ, നോൺ ഡ്യൂട്ടിയായി ക്രമീകരിക്കാനും **15-07-2013** മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചതുവരെയുള്ള ഇടവേളകൾ **KSR's Part I Rule- 56B(9) Note-2** പ്രകാരം പ്രവേശനകാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കാനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

**1.** എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം

2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
4. ധനകാര്യ വകുപ്പ് (01.01.2026-ലെ EXP-B1/601/2023-FIN പ്രകാരം)
5. വിജിലൻസ് വകുപ്പ് (11.06.2025-ലെ A2/32/2024-VIG പ്രകാരം)
6. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/116/2023-നികുതി)

ഉത്തരവിൻ പ്രകാരം

Signed by

Vivil Kumar

സെക്ഷൻ ഓഫീസർ

Date: 16-02-2026 16:35:03